IISH

# NOTE

Scanned with CamScanner

# സനാതനധർമ്മ പഠനം - 2

## സനാതന ധർമ്മം പഠിച്ച് പഠിപ്പിക്കാനൊരു സിലബസും മാർഗരേഖയും

### ഭാരതീയ ആചാരങ്ങളുടെ വിശകലനം : അനാചാരങ്ങൾ, ദുരാചാരങ്ങൾ, സദാചാരങ്ങൾ

**1. ആചാരങ്ങളുടെ സമാഹാരമാണ് സനാതന ധർമ്മം:**
ആചാരങ്ങൾ ഉൾക്കൊള്ളുന്ന പുരാണങ്ങൾ, ധർമ്മ-ഗൃഹ്യശാസ്ത്രങ്ങൾ, ഇതിഹാസങ്ങൾ എന്നിവയും ആശയങ്ങളും എങ്ങനെ വിലയിരുത്തണം, സ്വീകരിക്കണം. ആചാരങ്ങളുടെ (ഭൗതീക- ശാസ്ത്രീയ) പ്രയോജനമെന്തെല്ലാം.

**2. അനാചാരങ്ങൾ :**
അനാവശ്യമായ ആചാരങ്ങൾ, ജനനമരണങ്ങളുമായി ബന്ധപ്പെട്ടവ, ജ്യോതിഷം, വാസ്തു, ജാതകപ്പൊരുത്തം, ജാതകം എന്നിവയുമായി ബന്ധപ്പെട്ടത്, ചരടുകെട്ടുക, വലംപിരിശംഖ്, ധനാകർഷണ യന്ത്രം ഇവയിൽ അന്ധമായി വിശ്വസിക്കുക.

**3. ദുരാചാരങ്ങൾ :**
നമ്മുടെ ജീവിതത്തിൽ കുടുംബത്തിലും, ക്ഷേത്രത്തിലും സമൂഹത്തിലും ഉള്ള ദുരാചാരങ്ങൾ, ദുർവ്യാഖ്യാനത്തിലൂടെയുണ്ടാകുന്ന ദുരാചാരങ്ങൾ.

**4. സദാചാരങ്ങളുടെ ലക്ഷ്യം :**
മനസ്, ശരീരം, കുടുംബം, സംസ്കാരം, സമൂഹം, രാഷ്ട്രം, ഇവക്കും ഇവയുമായി ബന്ധപ്പെട്ടുമുണ്ടാകുന്ന സ്ഥിരവും ശാശ്വതവുമായ നന്മയാണ് സദാചാര ലക്ഷ്യം.

**5. അനാചാരങ്ങളെയും ദുരാചാരങ്ങളെയും സദാചാരമാക്കുന്നതിന്നുദാഹരണങ്ങൾ :**
ദേശവും, കാലവും, പ്രായവും, വിദ്യാഭ്യാസയോഗ്യതയും നോക്കി ബുദ്ധിക്കും, യുക്തിക്കും, ശാസ്ത്രത്തിനും നിരക്കുന്ന വിധത്തിൽ വിവരിച്ചു കൊടുത്തുവേണം ദുരാചാരങ്ങളിൽ / അനാചാരങ്ങളിൽ ചിലതിനെ സദാചാരമാക്കേണ്ടത്. എല്ലാ അനാചാരങ്ങൾക്കും ഇതു ബാധകമല്ല.

**6. മനസ്സിന് നന്മ വരുത്തുന്ന ആചാരങ്ങൾ :**
അനുഗ്രഹിക്കുക, അഭിനന്ദിക്കുക, ആശ്വസിപ്പിക്കുക, കഥകൾ, അനുഭവങ്ങൾ, ഉപദേശങ്ങൾ - ജീവിതസത്യങ്ങൾ കേൾപ്പിക്കുക. പുരാണങ്ങൾ ഇതിഹാസങ്ങൾ- വേദങ്ങൾ - ഉപനിഷത്തുകൾ - കീർത്തനങ്ങൾ - പ്രാർത്ഥനകൾ - പഠിച്ചുപയോഗിക്കുക. മനസ്സിനെ തിന്മയിൽ നിന്ന് നന്മയിലേക്കും ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കും അശാന്തിയിൽ നിന്ന് ശാന്തിയിലേക്കും നയിക്കുന്നതെല്ലാം മനസ്സിന് നന്മ വരുത്തുന്ന സദാചാരങ്ങളാണ്.

**7. ശരീരത്തിന് നന്മ വരുത്തുന്ന ആചാരങ്ങൾ :**
പ്രഭാതത്തിലുണർന്ന് പ്രഭാതകൃത്യങ്ങൾ, പ്രാർത്ഥന, സൂര്യനമസ്കാരം, യോഗാസന, ജലപാനവ്രതം, വ്രതാനുഷ്ഠാനം, ആഹാരക്രമം, ഭക്ഷ്യവിഭവങ്ങളിലെ സൂക്ഷ്മത, പൈതൃകകലകൾ, കളികൾ, കൃഷി, ക്ഷേത്രദർശനം, ക്ഷേത്രത്തിലെ ഊർജ്ജ സ്വീകരണം എന്നിവയെല്ലാം ശരീരത്തിനുതകുന്ന സദാചാരങ്ങളാണ്

**8. കുടുംബബന്ധങ്ങൾ ദൃഢമാക്കുന്ന ആചാരങ്ങൾ :**
ഷോഡശകർമ്മങ്ങൾ, മാതൃ- പിതൃ ധർമ്മം അനുഷ്ഠിക്കുക, മക്കളെ അനുഗ്രഹിക്കുക, അഭിനന്ദിക്കുക, അവർക്കു നന്മവരുത്താനുള്ളതെല്ലാം അനുഷ്ഠിക്കുക. കുടുംബക്ഷേത്രാനുഷ്ഠാനങ്ങൾ കുടുംബ ആഘോഷങ്ങൾ, കഥകൾ, ഉപദേശങ്ങൾ- ജീവിത യാഥാർത്ഥ്യങ്ങൾ പറഞ്ഞുകൊടുക്കുക. കുടുംബാംഗങ്ങൾ ഒരുമിച്ച് സമയം ചിലവഴിക്കുക. പുരാണങ്ങളിലും ഇതിഹാസങ്ങളിലും വിവരിക്കുന്ന കുടുംബബന്ധ വിവരണം.

**9. സാംസ്കാരിക മൂല്യവർദ്ധനയ്ക്കുതകുന്ന ആചാരങ്ങൾ :**
കലോപാസന, പൈതൃക ഗ്രന്ഥ പഠനം, സമൂഹബന്ധം ദൃഢമാക്കുന്നതിലൂടെ നേടുന്ന സദാചാരഫലങ്ങൾ, ഗൃഹകർമ്മങ്ങൾ, അനുഷ്ഠാനങ്ങൾ, പൈതൃക സന്ദേശപഠനം, പൈതൃക മൂല്യങ്ങളുടെ ആവിഷ്കരണം, ഇവയുടെ ആധാരമായി വർത്തിക്കുന്ന ആചാരങ്ങൾ സാംസ്കാരിക സമ്പന്നതക്കുതകുന്നതാണ്. നമ്മുടെ പുരാണങ്ങൾ, ഇതിഹാസങ്ങൾ, വേദങ്ങൾ, ഉപനിഷത്തുക്കൾ, ആയുർവേദ - ഗാന്ധർവ വേദഗ്രന്ഥങ്ങളിൽ ഇതുണ്ട്.

**IISH ന്റെ പരമമായ ലക്ഷ്യവും മാർഗ്ഗവും** : മനസ്, ശരീരം, കുടുംബം, സംസ്കാരം, സമൂഹം, രാഷ്ട്രം, എന്നീ ആറു ഘടകങ്ങളെ തിന്മയിൽ നിന്ന് നന്മയിലേക്കും, ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കും അശാന്തിയിൽ നിന്ന് ശാന്തിയിലേയ്ക്കും നയിക്കാനുള്ള ഈ സന്ദേശങ്ങൾ നമുക്ക് ജീവിതത്തിൽ പകർത്താം.

(മറുപുറം)

Scanned with CamScanner

**10. സമൂഹബന്ധം ദൃഢമാക്കാനുള്ള ആചാരങ്ങൾ :**

ക്ഷേത്ര ആചാരങ്ങൾ, ദേശീയ ഉത്സവങ്ങൾ, ഓണം, നവരാത്രി, കൃഷ്ണാഷ്ടമി, തീർത്ഥാടനം, വിവാഹ-ഗൃഹപ്രവേശ-കുടുംബാഘോഷങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട സദാചാരങ്ങൾ. വ്യക്തികൾക്കും കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും ഒത്തുചേരാനവസരം ലഭിക്കുന്ന എല്ലാ ആചാരങ്ങളും ഇതിൽ ഉൾപ്പെടുന്നു. ആഘോഷങ്ങളും, ക്ഷേത്രകലകളും എല്ലാം ഈ വിഭാഗത്തിൽ പെടുന്നു. ഭാരതത്തിലെ പ്രായോഗിക ആത്മീയതയിലെല്ലാം സമൂഹബന്ധം കൂടിക്കലരുന്നു.

**11. രാഷ്ട്രത്തിന്റെ ഐക്യത്തിനായുള്ള ആചാരങ്ങൾ :**

വൈവിധ്യമാർന്ന ഭാരത ജനതയെ കോർത്തിണക്കിക്കൊണ്ടുപോകുന്ന ആചാരങ്ങൾ, മഹാക്ഷേത്ര ദർശനം, തീർത്ഥാടനം, ആഘോഷങ്ങൾ, പ്രാർത്ഥനകൾ രാമായണ-മഹാഭാരത-പുരാണങ്ങളിലൂടെ സാധ്യമാകുന്ന രാഷ്ട്ര ഉത്ഗ്രഥനം. ഭാരതീയ വീക്ഷണം സൃഷ്ടിക്കുന്ന എല്ലാ ആചാരങ്ങളും ഇതിൽപ്പെടുന്നു.

**12. എല്ലാ ആചാരങ്ങളിലേയും ആത്മീയാംശം :**

പ്രകൃതി ശക്തി, ഈശ്വരൻ, മോക്ഷം, ക്ഷേത്രദർശം, ആത്മാവ്-പരമാത്മാവ്-ആചാര്യ-ഗുരു-മാതൃ-ഋഷി-അവതാര ബന്ധങ്ങൾ. എല്ലാ ആചാരങ്ങളിലും ആത്മീയതയുടെ ഗന്ധം നിറഞ്ഞുനിൽക്കുന്നു. ആത്മീയത ആചാരാനുഷ്ടാനങ്ങളോടുള്ള വീക്ഷണവും ദൃഢതയും വർദ്ധിപ്പിക്കുന്നു.

13. എല്ലാ ആചാരാനുഷ്ഠാനങ്ങളും ബുദ്ധിക്കും യുക്തിക്കും ശാസ്ത്രത്തിനും ഉതകുന്ന വിധത്തിൽ പഠിച്ച്, പഠിപ്പിച്ച്, പ്രചരിപ്പിച്ച്, അതിനായി പ്രവർത്തിച്ച്, ആവശ്യത്തിന് പ്രതികരിക്കുകയും ചെയ്യുക. നമ്മുടെ ധർമ്മം പ്രചരിപ്പിക്കേണ്ടതായ ഉത്തരവാദിത്വം നമ്മളിൽ നിക്ഷിപ്തമാണെന്നറിയുക.

**14. ക്ഷേത്രആചാരങ്ങളുടെ പരമ ലക്ഷ്യം :**

മനസ്-ശരീരം-കുടുംബം-സംസ്കാരം-സമൂഹം-രാഷ്ട്രം-മാനവരാശിയുടെ ശാസ്ത്രവും ആത്മീയതയും സമന്വയിപ്പിച്ചുകൊണ്ടുള്ള സ്ഥിരവും ശാശ്വതവുമായ സമഗ്രനന്മയിലധിഷ്ഠിതമായ ക്ഷേത്രാചാരങ്ങൾ വിലയിരുത്തി പഠിക്കണം.

(1) ക്ഷേത്രവുമായി ബന്ധപ്പെട്ട നിർവ്വചനങ്ങൾ; ക്ഷേത്രം, വിഗ്രഹം, പ്രതിഷ്ഠ. ചൈതന്യം, മനുഷ്യ ശരീരം, അർച്ചകൻ.

(2) ക്ഷേത്രദർശനത്തിലെ ശരീര-മന -വാക്-ആഹാര -കർമ്മം ചേരുന്ന പഞ്ചശുദ്ധി

(3) ക്ഷേത്രത്തിലെ അഗ്നിഹോമത്തിലൂടെ നടത്തുന്ന വൈദിക-വിഗ്രഹപൂജയിലൂടെ നടക്കുന്ന പൗരാണിക ആരാധനകൾ.

(4) ക്ഷേത്രവഴിപാടുകളുടെ അടിസ്ഥാനമായ ദേവ-പിതൃ-ഭൂത-ഋഷി-മനുഷ്യ പഞ്ച മഹായജ്ഞം

(5) ക്ഷേത്രദർശനരീതിയും ആചാരവും - ദർശനസമയം, വന്ദനരീതി-പ്രദക്ഷിണം - പ്രസാദം...

(6) ക്ഷേത്രവും പഞ്ചജ്ഞാനേന്ദ്രിയ കർമ്മബന്ധം-പ്രകാശ-ശബ്ദ-രാസ - താപ ഊർജ്ജ സ്രോതസ്സുകൾ ചെവി കണ്ണ് മൂക്ക് നാക്ക് ത്വക്ക് ഇവയെ ചൈതന്യവൃതമാക്കുന്നു.

(7) ക്ഷേത്രത്തിലെ അഷ്ടകർമ്മങ്ങൾ (ശ്രവണം-ദർശനം-കീർത്തനം-സ്മരണം-വന്ദനം- അർച്ചന-സമർപ്പണം-സേവനം)

(8) ക്ഷേത്രത്തിലെ അനാചാരങ്ങളും ദുരാചാരങ്ങളും : വെടിക്കെട്ട്, ആന, വിഭവസമൃദ്ധമായ സദ്യ, സ്വർണ്ണ കൊടിമരം ഇതൊക്കെ വേണോ?

**നമ്മുടെ ചെറുതും വലുതുമായ ക്ഷേത്രങ്ങളിൽ പലവിധക്ഷേത്ര കലകളും പഠിപ്പിച്ച് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്ന കേന്ദ്രങ്ങളാകണം. സ്വയം പഠിക്കുന്ന വിദ്യാർത്ഥികൾക്കും പരീക്ഷ നടത്തി സർട്ടിഫിക്കറ്റു നൽകുന്നതിനും ക്ഷേത്ര ഭാരവാഹികൾ ശ്രമിക്കണം.**

Brochure written by Dr. N. Gopalakrishnan, M.A., M.Sc (Chem), M.Sc (Pharm), MBA, Ph.D, D.Litt. (Scientist & Director) Indian Institute of Scientific Heritage, Trivandrum - 695 018., Ph : 0471 - 2490149, www.iish.org, iishservice1@gmail.com, www.iish.org, www.dharmanews.in, www.dharmaradio.in, www.dharmamessages.in, youtube, facebook - dr.n.gopalakrishnan.

IISH നാഷണൽ ഹെറിറ്റേജ് സെന്ററും മഴുവഞ്ചേരി മഹാദേവക്ഷേത്രവും ☏ 9446361149

